DETROIT MALAYALEE ASSOCIATION


www.dmausa.org

# DHWANI

# ധ്വനി

Vol. 18 | Issue -01 | April-May 2025





Michigan Malayalee - 2013
Since 20 Years
National Groceries
Indian Cuisine
Catering & Carry out of your needs
33148 Ryan Road,
Sterling Heights, MI, 48120
Phone: 586-268-8225
Weekend Buffet & Banquet Hall Available




**OFFICE BEARERS**

*President:* **Biju Joseph**
*Vice President:* **Dinesh Lakshmanan**
*General Secretary:* **Noble Thomas**
*Joint Secretary:* **Ashok Jordan**
*Treasurer:* **Praveen Nair**
*Joint Treasurer:* **Sanju Koithara**

**BOT**

*Chairman:* **Sudarsana Kurup**
*Secretary:* **Saijan Kaniyodikal**
*Vice Chairman:* **Rajesh Nair**
*Current President:* **Biju Joseph**
*Ex-Officio:* **Prince Abraham**

**EDITORIAL BOARD**

*Chief Editor:* **Saijan Kaniyodikal**
**Aiswariya Dinesh; Boby Alappatt**
**Devika Rajesh; Dinesh Lakshmanan**
**Libin John; Brijesh Gopal**

**WOMEN'S FORUM**

*President:* **Animma Ajith**
*Secretary:* **Sumini Jordan**

**YOUTH FORUM**

*Chair Person:* **Nived Paingol**
*Vice Chair Person:* **Joshua Manoj**

**Executive Committee**

Abhilash Paul — Ajith Ayyampilly
Aju Gopinathan Nair — Antony Manalel
Ashok Jordan — Biju Joseph
Binu Mathew — Boby Thomas
Brijesh Gopalakrishnan — Charls Thomas
Diaz Thomas — Dinesh Lakshmanan
George Idicula — George Vannilam
Gigi Paul — Jose Lukose
Kavungal Ramachandran — Krishnakumar Nair
Libin John — Madhu Nair
Manoj Jaiji — Mathews Cheruvil
Mohan Panangavil — Narayanan Namboodiri
Noble Thomas — Osborne David
Paul Kuriakose — Praveen Nair
Prince Abraham — Rajesh Kutty
Rajesh Nair — Rojan Thomas
Roy Pillai — Sadeep Muraleedharan
Saijan Joseph — Sajan George
Sam Mathew — Sandeep Palakkal
Sanju Koithara — Sanu Kuriakose Thomas
Sreekumar Kambath — Sudarsana Kurup
Sunil Paingol — Thomas Karthanal




# CONTENT


**President's Message** ........ 02
*Biju Joseph*

**Editorial** ........ 03
*Saijan Kaniyodikal*

**ഒരു ബെയ്‌ലിപ്പാലത്തിന്റെ ഉടമ്പടി** ........ 05
*നസ്രേത്തിൽ ജോസ് വർഗ്ഗീസ്*

**മേഘാലയ:സഞ്ചാരികളുടെ പറുദീസ** ........ 07
*കെ. പി. ആന്റണി*

**വിരൽപ്പാടുകൾ** ........ 11
*അച്യുത് എ. രാജീവ്*

**DRAWING** ........ 13
*ദിയ ശ്രീജിത്ത് നായർ*

**പഞ്ചഭൂതങ്ങൾ സാക്ഷി** ........ 15
*നവീന പുതിയോട്ടിൽ*

**BLUE HORIZON** ........ 17
*Rajeesh Vengilatt*

**SUMMER ACTIVITIES AND SAFETY PROTOCOLS** ........ 19
*M. P. Ravindra Nathan*

**ACCEPTING IMPERFECTIONS** ........ 21
*Arya Pillai*

**DMA VALENTINE'S DAY CELEBRATION "THE WEDDING BELLS"** ........ 22
*DMA Womens Forum*

**അകലെയാണെങ്കിലും** ........ 25
*മുഹമ്മദ് റാഫി കുറുപ്പത്തയിൽ*

**FLAN RECIPE** ........ 30
*Priya Krishnan*

**CRAFT YOUR VERY OWN POTLI BAG AT HOME** ........ 32
*Cimi Manoj*


*Cover photo:*
Blush of Spring
**Divya Das**





# President's Message



Dear DMA Family,

Namaskaram!

It is with immense pride and gratitude that I extend my heartfelt greetings to you all through this edition of Dhwani. As we embark on another vibrant year, I am honored to serve as the President of the Detroit Malayalee Association, a community that continues to inspire and uphold the rich traditions and values of Kerala while embracing the diverse spirit of Detroit.

Over the years, DMA has been a beacon of unity, culture, and service, fostering a deep connection among Malayalees in Michigan. Our association has grown not just in numbers but in its commitment to promoting our language, arts, and heritage while also giving back to the community we now call home.

As we look ahead, our goal is to strengthen these bonds further. We aim to organize more cultural programs, youth initiatives, and charitable efforts that reflect the true essence of Vasudhaiva Kutumbakam—the world is one family. I encourage each of you to actively participate, share your ideas, and continue making DMA a place where every Malayalee feels a sense of belonging.

I extend my sincere gratitude to our dedicated committee members, volunteers, and well-wishers whose tireless efforts make our events and initiatives successful. Without your unwavering support, our achievements would not be possible.

Let us continue this journey together, celebrating our heritage while creating new milestones. Wishing you and your families health, happiness, and prosperity.

With warm regards,

**Biju Joseph**
***President, DMA***

## Editorial

# Rooted in Tradition, Blossoming in Unity



Spring is a season of awakening, a time when the world around us begins to bloom, and so do our hearts with fresh hope and renewed energy. In this spirit of renewal, we are thrilled to present the latest edition of Dhwani, the voice of our vibrant Detroit Malayalee Association community.

This time of year holds special significance for us. Vishu, the Malayalam New Year, arrives with golden promises of prosperity, positivity, and peaceful beginnings. The tradition of waking up to the Vishukkani, sharing the joy of kaineettam, and coming together for the grand sadya, all echo the deep cultural roots that continue to thrive within us, even far from the shores of Kerala.

Simultaneously, many in our community also observe Easter, a sacred festival celebrating hope, resurrection, and new life. It’s a time to gather with loved ones, to reflect on grace and renewal, and to celebrate the triumph of light over darkness.

These two festivals, though rooted in different faiths, converge beautifully in their message of hope, harmony, and new beginnings. And that is what makes our community truly special: the ability to embrace diversity, celebrate traditions, and grow together as one extended family.

At the Detroit Malayalee Association, we take pride in preserving our heritage while building bridges across generations and cultures. Dhwani is a reflection of this shared journey, where voices young and old come together to tell stories, share creativity, and celebrate our identity.

As you flip through these pages, we hope you feel the warmth of togetherness, the joy of our cultural expressions, and the spirit of a community that continues to grow stronger with every season.

Wishing each of you a joyous Vishu, a blessed Easter, and a spring filled with light, love, and laughter.

With warmest regards,

**Saijan Kaniyodikal**
*Chief Editor*

# ABDU HALAL MEATS & GROCERY MARKET




46090 Michigan Ave, Canton, MI 48188
https://www.abdumarket.com

734-322-9240
734-545-8040

**Open daily 8:00AM to 9:00PM**


കവിത

# ഒരു ബെയ്‌ലിപ്പാലത്തിന്റെ ഉടമ്പടി

**പ**റക്കുന്നതാണെനിക്കേറെയിഷ്ടം!
അമ്മ പറഞ്ഞു, 'താഴെവന്നെങ്കിലേ
സമ്മാനമുള്ളൂവെന്ന്!'
താഴെ വന്നു;
ആരും സമന്മാരല്ല!
ക്രിസ്തുവിനെ ഒറ്റുകൊടുക്കുന്ന
സ്വന്തക്കാർ!
ബുദ്ധനെ ക്രൂശിലേറ്റുന്ന
സന്യാസിമാർ!
നാരായണീയം കബറടക്കി
പാറകൊണ്ടു വാതിലടയ്ക്കുന്ന
നാണുമാർ!
മാർക്സിന്റെ
കടയ്ക്കൽ കത്തിവെക്കുന്ന
ചെങ്കൊടികൾ!
ഗാന്ധിയുടെ വസ്ത്രമഴിച്ചു
ചീട്ടിട്ടുപങ്കിടുന്ന
ചർക്കയറിയാത്ത
ഖദറുകൾ!
പുക്കിൾക്കൊടിയുടെ
രക്തമുണങ്ങാത്തകുഞ്ഞിന്റെ
കഴുത്തുഞെരിക്കുന്ന
പെറ്റമ്മമാർ!
മകളുടെ ഇളംമാംസം
തൂക്കിവിൽക്കുന്ന
അച്ഛന്മാർ!
അയലറിയാത്ത
അയലത്തുകാർ!
ഇന്നലെ പ്രണയചുംബനം
നൽകിയ പനിനീർപ്പൂവിനെ
ഒരുകുപ്പിപ്പകയൊഴിച്ചു
വികൃതശിലാരൂപമാക്കുന്ന
കപടകാമുകന്മാർ!
പാമ്പിനെപ്പോലെ
ബുദ്ധിയുള്ള
കരൾമാറാനറിയാവുന്ന
കാമുകിമാർ!
തുമ്പയിലകളിൽ
ചരമദിനമെഴുതുന്ന
നിർഭാഗ്യജന്മങ്ങൾ!
കരളിൽ വിഷംത്തീണ്ടുന്ന
അരളിപ്പൂക്കൾ..!
അമ്മയുടെ
കല്ലറയിലെ കല്ല്
ഒരു എറുമ്പ് വലിച്ചുനീക്കി
അമ്മ എന്നെയുംക്കൊണ്ടു
പറന്നു!
ഋതുവായ പെൺക്കുട്ടിയെപ്പോലെ
ചൂരൽ മല;
സ്വാതന്ത്ര്യത്തിന്റെ ഉൾച്ചിരിയും,
ലജ്ജയുടെ ഉൾക്കിടിലവും,
നിരപരാധിത്വത്തിന്റെ
നിഷ്ക്കളങ്കതയും,
കൗമാരത്തിന്റെ ചാപല്യവും,
നിറവിന്റെ
അനഘസൗന്ദര്യവും
അവളിൽക്കാണാം!
ഒലിച്ചുപോയ സ്വപ്നങ്ങളുടെ
മുറിപ്പാടുകൾവച്ചുകെട്ടി
തേൻ പകരുവാൻ
നിസ്വാർത്ഥസ്നേഹത്തിന്റെ
കുറെ ആൾരൂപങ്ങൾ!
ഞാൻ പിന്നെയും കണ്ടു
ഒരത്ഭുതം, ലംഘിക്കാൻവേണ്ടി
മാത്രം തോളോടുതോൾ
ചേർന്നുണ്ടാക്കിയ
ഒരു ബെയ്‌ലിപ്പാലത്തിന്റെ
ഉടമ്പടി: 'ഇനി ഞാനങ്ങോട്ടും
നീ ഇങ്ങോട്ടുമില്ല!'
മനുഷ്യനും മലയും
തമ്മിലുള്ള ഉടമ്പടി!



നസ്രേത്തിൽ ജോസ് വർഗ്ഗീസ്




BEST TASTE SWAD IN TOWN
PATEL BROTHERS
PATEL'S
Fresh Kitchen
"Celebrating Our Food...
Our Culture"
Scan To Join Our
WhatsApp Channel
28684 Ford Rd
Garden City, MI 48135
(734) 427-4445
5055 Rochester Rd
Troy, MI 48085
(248) 509-7116
28950 Orchard Lake Rd
Farmington Hills, MI 48334
(248) 851-7470
3426 Washtenaw Ave
Ann Arbor, MI 48104
(734) 971-1207
Groceries
Fresh Bakery
Produce
Follow us on facebook to stay up-to-date on latest sales, promotions, and other news!
WWW.PATELBROS.COM



# മേഘാലയ
## സഞ്ചാരികളുടെ പറുദീസ

കെ.പി. ആന്റണി

ഏതൊരു സഞ്ചാരിയും ഒരിക്കലെങ്കിലും എത്തിച്ചേരുവാൻ ആഗ്രഹിക്കുന്ന ഇന്ത്യയിലെ ഏറ്റവും മനോഹരമായ സംസ്ഥാനങ്ങളിൽ ഒന്ന്. ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മേഘാലയയിലെ വൈവിധ്യം നിറഞ്ഞ കാഴ്ചകളിലേക്ക്.

നീണ്ടു കിടക്കുന്ന പർവ്വത നിരകൾ, ഉയർന്ന പീഠഭൂമികൾ, താഴേക്ക് പതിക്കുമ്പോൾ അവിസ്മരണീയ കാഴ്ചകൾ നൽകുന്ന വെള്ളച്ചാട്ടങ്ങൾ, പച്ചപുൽമേടുകൾ, നൂറ്റാണ്ടുകൾ പഴക്കമുള്ള ഗുഹകൾ, കുളിർമയേകുന്ന താഴ്വാരങ്ങൾ, അത്ഭുതപ്പെടുത്തുന്ന വേരുപാലങ്ങൾ, കാഴ്ചകളിൽ നിന്ന് മറയരുതെന്നാഗ്രഹിക്കുന്ന നദികളും തടാകങ്ങളും-പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മേഘാലയ. അതിശയ കാഴ്ചകൾക്ക് പുറമെ സാഹസിക വിനോദങ്ങളും പ്രദേശികോത്സവങ്ങളും തനത് ഭക്ഷണ രീതികളുംകൊണ്ട് സമ്പന്നമായ വടക്ക് കിഴക്കൻ ഇന്ത്യയുടെ രത്നം.



മേഘങ്ങളുടെ വാസസ്ഥലമായ മേഘാലയ മിതോഷ്ണ നിത്യഹരിത പ്രദേശമാണ്. ആസാം, ത്രിപുര, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന മേഘാലയ ബംഗ്ലാദേശുമായി രാജ്യാന്തര അതിർത്തിയും പങ്കിടുന്നു. 1970 ഏപ്രിൽ 2ന് ആസാം സംസ്ഥാനത്തിനുള്ളിൽ സ്വയംഭരണാവകാശമുള്ള പ്രദേശമായി മാറിയ മേഘാലയ 1972ൽ സംസ്ഥാനമായി. എൺപത് ശതമാനം ജനങ്ങളും കൃഷിയെ ആശ്രയിച്ച് കഴിയുന്നവർ. ജനസംഖ്യയിൽ ഭൂരിപക്ഷവും ഗോത്രവർഗ്ഗ സമൂഹങ്ങൾ - പ്രധാനമായും ഖാസി, ഗാരോസ്, ജെയിൻത്യാസ് വംശജർ. ഇംഗ്ലീഷാണ് ഔദ്യോഗിക ഭാഷയെങ്കിലും ഗോത്രവർഗ്ഗ ഭാഷകൾക്ക് പുറമെ ഹിന്ദിയും വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. അരി കൊണ്ടുണ്ടാ



ക്കുന്ന ഭക്ഷണമാണ് പ്രധാനം. വ്യത്യസ്തങ്ങളായ പോർക്ക് വിഭവങ്ങൾ നന്നായി ആസ്വദിക്കുന്നവരാണ് ഭൂരിഭാഗം ജനങ്ങളും. പ്രാദേശിക ഭക്ഷണവും വളരെ സ്വാദിഷ്ടമാണ്. സ്ത്രീകൾക്ക് നല്ല പരിഗണന നൽകുന്ന സംസ്ഥാനമാണ് മേഘാലയ.

**കാഴ്ചകളിലേക്ക്:** എല്ലാ വിഭാഗം സഞ്ചാരികൾക്കും - സാഹസികത ഇഷ്ടപ്പെടുന്നവർ, സുഹൃത്തുക്കളുമൊരുമിച്ച് പോകുന്നവർ, കുടുംബമായി പോകുന്നവർ - ആസ്വദിക്കാൻ, അനുഭവിക്കാൻ അനവധി. ഞാൻ യാത്ര ചെയ്തത് പാക്കേജ് ടൂർ വഴിയാണ്. പോയ ഇടങ്ങളിലൂടെ, അറിഞ്ഞ ഇടങ്ങളിലൂടെ, പോകേണ്ട ഇടങ്ങളിലൂടെ.

**ഷില്ലോങ്:** ഞങ്ങളുടെ താമസം തലസ്ഥാനമായ ഷില്ലോങ്ങിൽ ആയിരുന്നു. ആധുനിക സൗകര്യങ്ങളെല്ലാം ലഭ്യമായ ഈ പ്രകൃതിരമണീയ ഹിൽസ്റ്റേഷൻ കിഴക്കിന്റെ സ്കോട്ട്ലൻഡ് എന്നും അറിയപ്പെടുന്നു. വാർഡ്സ് തടാകം, ഏഷ്യയിലെ ഏറ്റവും വലിയ പ്രകൃതിദത്ത ഗോൾഫ് ഗ്രൗണ്ടുകളിലൊന്ന്, കത്തീഡ്രൽ ചർച്ച്, ആർട്ട് ഗ്യാലറികൾ, മ്യൂസിയങ്ങൾ എന്നിവയ്ക്ക് പുറമെ പോലീസ് ബസാറിലെയും ബാരാ ബസാറിലെയും ഷോപ്പിങ്ങ്, സജീവമായ സായാഹ്നങ്ങൾ, ലോക്കൽ ഫുഡ്, ഹെറിറ്റേജ് നടത്തം എന്നിവയും ആസ്വദിക്കാം. നല്ല മദ്യം വിലക്കുറവിൽ ലഭിക്കുമെന്നും കുറിക്കട്ടെ.

**ഷില്ലോങ്ങ് പീക്ക് –** നഗരഹൃദയത്തിൽ നിന്നും 13 കി. മീ. ഷില്ലോങ്ങിലെ ഏറ്റവും ഉയരം കൂടിയ ഇവിടെ നിന്നുള്ള നഗരത്തിന്റെയും വെള്ളച്ചാട്ടങ്ങളുടെയും പനോരമിക് കാഴ്ചകൾ നഷ്ടപ്പെടുത്തരുത്.


**ഡോൺ ബോസ്കോ മ്യൂസിയം –** ഏഷ്യയിലെ ഏറ്റവും വലിയ സാംസ്കാരിക മ്യൂസിയം. തദ്ദേശീയ സംസ്കാരം പരിചയപ്പെടുത്തുന്ന മ്യൂസിയം ഏഴു നിലകളിലായി14 വിഭാഗങ്ങളിൽ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളുടെ സംസ്കാരത്തേയും പാരമ്പര്യത്തേയും സമഗ്രമായി അടയാളപ്പെടുത്തുന്നു. സഞ്ചാരികൾക്കും വിദ്യാർത്ഥികൾക്കും ചരിത്ര പഠിതാക്കൾക്കും ഒരു ഉത്തമ വഴികാട്ടി. മ്യൂസിയത്തിന്റെ മേൽപുരയിലൂടെയുള്ള (സ്കൈവാക്ക്) നടത്തം ഷില്ലോങ്ങ് നഗരത്തിന്റെ 360 ഡിഗ്രിയിലുള്ള കാഴ്ച പ്രദാനം ചെയ്യുന്നു.

**ഉമിയം തടാകം –** ഉമിയം നദിക്ക് കുറുകെ 1960 കളിൽ ഡാം നിർമ്മിക്കപ്പെട്ടപ്പോൾ ഉണ്ടായ മനുഷ്യനിർമ്മിതമായ തടാകം ബാരാപാനി എന്നും അറിയപ്പെടുന്നു. ഷില്ലോങ്ങിൽ നിന്ന് 17 കി. മീ. 220 ചതുരശ്ര കി. മീറ്റർ. വനത്തിനാൽ ചുറ്റപ്പെട്ട തടാകം ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രം ആണ്. ബോട്ടിങ്ങും വാട്ടർ സ്പോർട്സും സാധ്യമാണ്.

**ചിറാപുഞ്ചി –** സോഹ്റ എന്നറിയപ്പെടുന്ന ചിറാപുഞ്ചി ഷില്ലോങ്ങിൽ നിന്ന് 54 കിലോമീറ്റർ ദൂരെ 4500 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു മൺസൂൺ അവധിക്കാല കേന്ദ്രം. ഖാസി ആദിവാസി സമൂഹത്തിന്റെ പരമ്പരാഗത തലസ്ഥാനമെന്നും കരുതപ്പെടുന്നു. മലകളും താഴ്വരകളും വെള്ളച്ചാട്ടങ്ങളും ഗുഹകളും സഞ്ചാരികൾക്ക് വിരുന്നൊരുക്കുന്നു. മുൻപ് ലോകത്തിലേറ്റവും മഴ ലഭിക്കുന്ന പ്രദേശമെന്ന റെക്കാർഡ് ചിറാപുഞ്ചിക്കായിരുന്നു. ഇപ്പോൾ രണ്ടാം സ്ഥാനം. മേഘാലയയിലെ തന്നെ മൗസിൻറം ആണ് ഒന്നാം സ്ഥാനത്ത്.

**ദവ്കി –** ഇന്ത്യ-ബംഗ്ലാദേശ് അതിർത്തിയോട് ചേർന്ന് ഷില്ലോങ്ങിൽ നിന്ന് 95 കി. മീ. ഇന്ത്യയിലെ തന്നെ ഏറ്റവും വൃത്തിയുള്ള നദിയെന്നറിയപ്പെടുന്ന ഉംഗോട്ട്. സ്ഫടികം പോലെ തിളങ്ങുന്ന വെള്ളത്തിലൂടെ, പുഴയുടെ അടിത്തട്ടും ക്രിസ്റ്റൽ പോലെയുള്ള കല്ലുകളും കണ്ട് ദവ്കി തടാകത്തിലൂടെ. ഉംഗോട്ട് നദിയിലൂടെയുള്ള ബോട്ടു യാത്ര അവിസ്മരണീയമാണ്. 30 മിനിട്ട് മുതൽ 45 മിനിട്ട് വരെ 3 പേർക്ക് 800 രൂപ. ഉംഗോട്ട് നദിക്കരയിൽ ഏതാനും കല്ലുകൾ കൊണ്ട് ഇന്ത്യ-ബംഗ്ലാദേശ് അതിർത്തി തിരിച്ചിരിക്കുന്നു. ഇവിടെ നിന്ന് നേരെ ഔദ്യോഗിക ഇന്ത്യാ-ബംഗ്ലാദേശ് ബോർഡറിൽ ഒരു ഫോട്ടോഷൂട്ട് ആഗ്രഹിക്കാത്തവർ ആരുമുണ്ടാകില്ല.

**മൗളിനോങ് ഗ്രാമം –** ഏഷ്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമം എന്ന ബഹുമതി നേടിയ, ഇപ്പോഴും ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള ഗ്രാമം എന്നറിയപ്പെടുന്ന മൗളിനോങിലേക്കുള്ള യാത്ര ഒരു തീർത്ഥയാ







ത്ര പോലെയാണ്. ദൈവത്തിന്റെ സ്വന്തം തോട്ടമെന്നും അറിയപ്പെടുന്ന ഈ ഗ്രാമം ഷില്ലോങ്ങിൽ നിന്നും 90 കിലോ മീറ്റർ ദൂരെ. മുഖ്യ തൊഴിൽ കൃഷി. ഇപ്പോൾ ടൂറിസവും ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. തിരക്കിൽ നിന്നൊഴിവായി, വൃത്തിയുള്ള അന്തരീക്ഷത്തിൽ തന തു ഭക്ഷണവും കഴിച്ച് എങ്ങിനെ ആരോഗ്യകരവും സന്തോഷകരവുമായ ജീവിതം നയിക്കാമെന്ന് നമുക്ക് കാണിച്ചു തരുന്ന മൗളിനോങ് ഗ്രാമം. മുള കൊണ്ട് തീർത്ത കുട്ടകളിൽ മാലിന്യം ശേഖരിച്ച് ഇവിടെ തന്നെ യുള്ള കുഴികളിൽ നിക്ഷേപിച്ച് വളമാക്കി മാറ്റുന്നു. ഗ്രാമവാസികളെല്ലാവരും വില്ലേജിന്റെ മൊത്തം ശുചീകര ണത്തിൽ പങ്കാളികളാകുന്നു. പുകയിലയും പോളിത്തീനും നിരോധിച്ചിരിക്കുന്നു. വർഷം മുഴുവൻ സന്ദർശന ത്തിനനുയോജ്യമായ ഇവിടെ ഹോംസ്റ്റേ ലഭ്യമാണ്. പഴമ നിലനിർത്തുന്ന വീടുകൾ. നൂറു ശതമാനവും സാക്ഷരത.

**വെള്ളച്ചാട്ടങ്ങളും പുഴകളും:** മേഘാലയയിൽ ധാരാളം നദികളുണ്ടെങ്കിലും പലതും മഴക്കാലത്ത് മാത്രം സജീവമാകുന്നവയാണ്. കുത്തിയൊഴുകുന്ന നദികൾ കുന്നുകളിലും മലകളിലും ആഴത്തിലുള്ള ഗർത്തങ്ങൾ ഉണ്ടാക്കുന്നതിനോടൊപ്പം ആരെയും വശീകരിക്കുന്ന വെള്ളച്ചാട്ടങ്ങളും നൽകുന്നു. പ്രധാനമായും പതിനാറോളം വെള്ളച്ചാട്ടങ്ങൾ ആണ് ഉള്ളത്. മൺസൂൺ കാലമാണ് വെള്ളച്ചാട്ടങ്ങൾ പൂർണ്ണമായി ആസ്വദിക്കാൻ കഴിയുന്ന സമയം.


**ഞങ്ങൾ സന്ദർശിച്ച പ്രധാന വെള്ളച്ചാട്ടങ്ങൾ –**

**എലിഫെന്റ് ഫാൾസ്:** ഷില്ലോങ്ങിൽ നിന്ന് 12. കിലോ മീറ്റർ. 200 സ്റ്റെപ്പുകൾ ഇറങ്ങിയാൽ ഏറ്റവും താഴെയെത്താം. നല്ല വീതിയിൽ മരങ്ങൾക്കിടയിലൂടെ, പാറകളിലൂടെ മൂന്ന് സ്റ്റെപ്പുകളായി വെള്ളം താഴേക്കു പതിക്കുന്ന കാഴ്ച അതിമനോഹരം.

**നോഹ്കാലിക്കൈ ഫാൾസ്:** ചിറാപുഞ്ചിയിൽ നിന്ന് 7 കിമീ. 340 മീറ്റർ താഴേക്ക് കുത്തനെ പതിക്കുന്ന വെള്ളം വലിയ ആഴത്തിലുള്ള ഒരു ജലാശയം സൃഷ്ടിക്കുന്നു. കാണേണ്ട കാഴ്ച. സെവൻ സിസ്റ്റേഴ്സ് ഫാൾസ്: ചിറാപുഞ്ചിയിൽ നിന്ന് 4 കി.മീ.പരസ്പരം കാണപ്പെടുന്ന സമാനമായ ഏഴ് വഴികളിലൂടെ ഒരു തടാകത്തിലേക്കെന്നപോൽ പതിച്ച് ഒഴുകുന്നു.

**ലിവിംഗ് റൂട്ട് ബ്രിഡ്ജുകൾ –** പ്രകൃതിയിലെ അത്ഭുതമായ മേഘാലയയിലെ ജീവനുള്ള വേരുപാലങ്ങൾ. യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ പെടുത്തിയിട്ടുണ്ട്.

റബറിനത്തിൽ പെട്ട മരങ്ങളുടെ ഇഴ ചേർന്ന വേരുകൾ ഉപയോഗിച്ച് തദ്ദേശീയരായ ഖാസികളും ജയന്തികളും കരകവിഞ്ഞൊഴുകുന്ന നദികൾ മുറിച്ചു കടക്കുവാൻ നിരവധി വർഷങ്ങൾ പണിയെടുത്ത് നിർമ്മിച്ചവ. വനങ്ങളിലും മലമ്പ്രദേശങ്ങളിലുമുള്ള പുഴകൾ കടക്കുവാൻ കോൺക്രീറ്റ് പാലങ്ങൾ പോലും പര്യാപ്തമല്ലെന്ന് തെളിഞ്ഞപ്പോൾ വേരുകൾ കൊണ്ടു രൂപം







കൊടുത്ത പ്രകൃതിദത്ത പാലങ്ങൾ. വേരുപാലങ്ങൾ വർഷങ്ങളോളം നിലനിൽക്കുന്നു. ഏതു കാലാവസ്ഥയേയും അതിജീവിക്കുന്നു. പഴയ വേരുകൾ നശിക്കുമ്പോൾ പുതിയ വേരുകളാൽ പുതുക്കി പണിയുന്നു.

ഏദേശം നൂറോളം വേരുപാലങ്ങൾ ഉണ്ട്. 50 മുതൽ 100 അടി വരെ ഉയരത്തിലു ള്ളവ. 175 അടിവരെ നീളമുള്ളവ. ഒറ്റവരി, ഇരട്ടവരി, ഡബിൾ ഡെക്കർ വേരുപാലങ്ങൾ. ഒരു മാന്ത്രിക പ്രതിഭാസം പോലെ. ലിവിംഗ് റൂട്ട് ബ്രിഡ്ജുകൾ പ്രധാനമായും നോംഗ്രിയാറ്റ്, ചിറാപുഞ്ചി, നോങ്ബാരെഹ് എന്നിവിടങ്ങളിൽ ആണ്. റിവായിലുള്ള റൂട്ട് ബ്രിഡ്ജ് ആണ് ഞങ്ങൾ പോയത്. 300 വർഷം പഴക്കം. ഷില്ലോങ്ങിൽ നിന്ന് 82 കി. മീറ്റർ.

**ഗുഹകൾ- രഹസ്യങ്ങളുടെ കലവറകൾ -** മേഘാലയയിൽ 1580 ഗുഹകൾ ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതിൽ 980 ഗുഹകൾ പര്യവേഷണം ചെയ്തു. ലോകത്തിലെ ഏറ്റവും നീളം കൂടിയ ഗുഹകളിലൊന്നും (30957 മീറ്റർ നീളമുള്ള ക്രെം ലിയാത്ത് പ്രാഹ്) ഇന്ത്യയിലെ ഏറ്റവും വലിയ പത്ത് ഗുഹകളിൽ ഒമ്പതും മേഘാലയയിലാണ്. ഓരോ ഗുഹയ്ക്കും അനവധി വർഷങ്ങളുടെ ചരിത്രവും രഹസ്യങ്ങളും പറയാനുണ്ട്. അനേക വർഷങ്ങൾ കൊണ്ട് രൂപം കൊണ്ട ഫോസിലുകളുടേയും ഗുഹകളുടേയും പഠനം ഒരു നിരന്തര പ്രക്രിയയാണ്. പല ഗുഹകളിലേക്കും പൂർണ്ണമായ പ്രവേശനം ഇല്ല. ചിറാപുഞ്ചിയിൽ നിന്ന് 5 കി. മീ. ദൂരത്തിലുള്ള അർവ ഗുഹ ഞങ്ങൾക്കൊരു വിസ്മയമായിരുന്നു.

കണ്ട കാഴ്ചകളെ അടിസ്ഥാനമാക്കിയുള്ള വിവരണമായിരുന്നു ഇതുവരെ. മേഘാലയയിലെ വൈവിധ്യമാർന്ന കാഴ്ചകൾ എന്തൊക്കെയെന്നറിയുവാൻ പൊതുവിൽ പോകുന്ന സ്ഥലങ്ങളിലൂടെയായിരുന്നു ഞങ്ങളുടെ യാത്രയും. ഇതേ അനുഭവമോ ഇതിൽ കൂടുതൽ അനുഭവമോ നൽകുന്ന സ്ഥലങ്ങൾ ഇനിയുമുണ്ട്. ചിലപ്പോൾ അവിടേയ്ക്കുള്ള യാത്രാ സൗകര്യങ്ങളിലും താമസസൗകര്യങ്ങളിലും പരിമിതകളുണ്ടാകാം. യാത്രയ്ക്ക് മുമ്പ് കാണേണ്ട കാഴ്ചകളെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചും കൂടുതൽ അറിയുന്നത് നന്നായിരിക്കും. വിമാനത്തിലോ ട്രെയിനിലോ ഗുവാഹത്തിയിൽ ഇറങ്ങി വേണം മേഘാലയയിലേക്ക് വരുവാൻ. ഓരോ സ്ഥലങ്ങളെയുംക്കുറിച്ചുള്ള പുരാണകഥകളും ഐതിഹ്യങ്ങളും ഏറെയാണ്. അതറിഞ്ഞ് പോകുന്നത് കൂടുതൽ രസകരമായിരിക്കും.

*മേഘാലയയിലെ മറ്റു ചില പ്രധാന സ്ഥലങ്ങളും ഷില്ലോങ്ങിൽ നിന്നുള്ള ദൂരവും.*


തുറ (303 കി.മീറ്റർ), ജോവായി (61 കി.മീറ്റർ), ബാഗ്മാര (285 കി. മീറ്റർ), നോങ്പോ (52 കി.മീറ്റർ), വില്യംനഗർ (243 കി.മീറ്റർ) നോങ്സ്റ്റോയിൻ (93 കി.മീറ്റർ) കൂടാതെ ബൽപാക്രം നാഷണൽ പാർക്ക് (203 കി. മീറ്റർ) നോക്രെക് നാഷണർ പാർക്കും (148 കി. മീറ്റർ). ഗോത്രവർഗ്ഗക്കാരുടെ ഉത്സവങ്ങളും ആഘോഷങ്ങളും വ്യത്യസ്ഥത നൽകുന്ന, ആഹ്ലാദകരമായ അനുഭവമായിരിക്കും.

മേഘാലയ പ്രകൃതിയുടെ വരദാനം. പരിഷ്കാരങ്ങളും നിർമ്മിതികളും പ്രകൃതിക്ക് ദോഷം വരുത്താത്തതും ഹരിതവൈവിധ്യത്തെ നശിപ്പിക്കാത്തതും ആയിരിക്കട്ടെ. സഞ്ചാരത്തിന് അതിരില്ലാത്ത മേഘാലയയിൽ വ്യത്യസ്ത കാഴ്ചകളും പുതിയ അറിവുകളും തേടാം.






കവിത





അച്യുത് എ രാജീവ്

# വിരൽപ്പാടുകൾ

**തൊ**ട്ടുതൊട്ടൊരാളിരിക്കുന്നു
കൈയ്യിലെ ചതുര കാഴ്ച്ചയിൽ
കണ്ണുംനട്ടങ്ങനെ

തൊട്ടരികെ കട്ടിളപ്പടിയിൽ
തട്ടി വീണമ്മ
നീട്ടിയലറവേ
പൊട്ടിവീണ രസച്ചരടിൻ പേരിൽ
തട്ടിക്കേറിയമ്മതൻ നേർക്കയാൾ

വീട്ടുമുറ്റത്തു പുത്തനായ് പൂവിട്ട
നാട്ടുമുല്ലകൾ നീട്ടിയ പുഞ്ചിരി
വീട്ടുവാനൊട്ടുകണ്ടതേയില്ലയാൾ
സ്ക്രീനിൽ നാട്ടിയ നോട്ടമൊരുവേള
ഒന്നടർത്താതിരിക്കയാൽ

തൊട്ടുതൊട്ടയാളിരിക്കുന്നു
തൊട്ടയൽപക്കത്തൊട്ടു
നേരമായ് കേൾക്കും
കൂട്ട നിലവിളി
കേട്ടില്ലെന്ന നാട്യത്തിലങ്ങനെ

വെട്ടം വീഴുന്നതിൻ
തൊട്ടുമുന്നേവരെ കോട്ടുവായിട്ടു പോക്കുന്ന
രാവുകൾ
എത്രപോയെന്നു തിട്ടമില്ലാതെ
അയാൾ തൊട്ടുരസിച്ചു കഴിഞ്ഞിടുന്നങ്ങനെ

തട്ടിലൂടൂർന്നിറങ്ങി
കള്ളൻ കട്ടുപോകുന്നു പണ്ടങ്ങള
ന്നേരവും
തൊട്ടുതോണ്ടിയിരിക്കുന്നയാൾ
ഒട്ടുമറിയാതെ വിഡ്ഢിയായങ്ങനെ

കട്ടുപോകുന്നു വാഴ്വിൻ
വിലപ്പെട്ട മാത്രകൾതന്നെയും
പ്രായഭേദമന്യേ മർത്ത്യനിന്നു
പ്രിയപ്പെട്ടതാമീ
പുതുകളിപ്പാട്ടത്താലങ്ങനെ.

കട്ടിയുള്ള ചില്ലിൽ
കോറിയിട്ട വിരൽപ്പാടുകളൊഴികെ
ഇങ്ങു മിച്ചമായൊന്നും
വിട്ടുപോകാതെ
പട്ടുപോകുന്നൊട്ടു
ജൻമങ്ങളിങ്ങനെ.

KURRYS AT TROY
INDIAN CUISINE

3303 Rochester Rd, Troy, MI 48083
248-599-2995

/kurrysattroy
www.kurrysattroy.com

KURRYS
INDIAN CUISINE

24361 Halsted Rd, Farmington Hills, MI 48335
248-826-2014

/kurrysrestaurant
www.kurrys.com

Azoury Financial
*Decades of knowledge for a lifetime of support*

CONTACT

steve.azoury@CoreCapInv.com

**Troy Office**

3150 Livernois Road Suite 145
Troy, MI 48083

**Phone: (248) 535-4860**


Mon-Fri: 8:00 AM - 5:00 PM
Sat-Sun: By Appointment

വിളവെടുപ്പിൻ കാലമാണ് വിഷുക്കാലം. കണിക്കൊന്നയും കണിവട്ടങ്ങളും ഒരുക്കി, മേടമാസപ്പുലരിയിൽ ഉണ്ണിക്കണ്ണനെ കണികാണാൻ, ഒരു വിഷുകൂടി വരവായി. ഏവർക്കും ഹൃദയം നിറഞ്ഞ വിഷുദിനാശംസകൾ.





ദിയ ശ്രീജിത്ത് നായർ




BEST COMPLIMENTS
EAST MICHIGAN HOSPITALISTS
DR. DILEEP KUMAR
DR. VISWANADH VEGESNA
DR. KAMALAKAR NERUSU
DR.ANUPAMA DEVARA




# പഞ്ചഭൂതങ്ങൾ സാക്ഷി



നവീന പുതിയോട്ടിൽ

നീയെന്നെ അഗ്നിയായ്ക്കണ്ട് ഊതിപ്പടർത്തുകയോ,
ഊതിക്കെടുത്തുകയോ
ചെയ്യാതിരിക്കുക,,,
തപം ചെയ്ത് ചെയ്ത് സ്വയമൊരഗ്നിഗോളമായി
എന്നിലേക്കിറങ്ങിയിരിക്കുക
ഉടലാകെ ആളിപ്പടരുക....
എന്നെ ജലമായ്ക്കണ്ട്
പാനം ചെയ്യാതിരിക്കുക...
ഞാൻ ഒരു മഞ്ഞുകണം
മാത്രമായിരുന്നു
എന്ന ബോധത്താൽ
യുഗങ്ങളെടുത്ത്
കടലായിത്തീരുമ്പോൾ
നീ എന്റെ തിരകൾക്കൊപ്പം
ഇറങ്ങിപ്പോരുക...
നീയെന്നെ ഒരിളം
തെന്നലായറിയാതിരിക്കുക...
അനവധി ചുഴലികൾക്കൊടുവിൽ
ഒരപ്പൂപ്പൻ താടിയായ്
കരിയിലയ്ക്കൊപ്പം
ചുരങ്ങളിറങ്ങിപ്പോന്ന എന്നിലെ
പൊടിപിടിച്ച ചിറകുകളിൽ നീ ദേശാടനത്തിനിറങ്ങിപ്പോരുക...
എന്നെ ആകാശമായി
സ്വപ്നം കാണാതിരിക്കുക...
നിനക്കവിടെ ഒരു
നക്ഷത്രത്തെപ്പോലും
പരതിയെടുക്കാനാവില്ല...
പെയ്തൊഴിഞ്ഞ
മേഘങ്ങൾക്കിടയിലേക്ക് പലകാലങ്ങൾക്കൊടുവിൽ
കടന്ന് വരിക...
നക്ഷത്രക്കൊട്ടാരത്തിൽ
എനിക്കൊപ്പം മഴനനഞ്ഞ്
ശയിക്കാൻ ഞാനൊരു
ചപ്രമഞ്ചമൊരുക്കാം......
എന്നെ നീ
ഭൂലോകമാക്കാതിരിക്കുക...

നിനക്കുചുറ്റുമുള്ള
ഗ്രഹങ്ങളിലോരോന്നിലും
ഒരു ഭിക്ഷുവിനെപ്പോലെ
അലഞ്ഞ് തിരിയുക....
ഒരു ബുദ്ധസന്യാസിയെപ്പോലെ
തിരികെ വരിക..
അപ്പോഴേക്കും ഞാൻ ഭൂമിയെ
ഏറ്റവും പുരാതനമായ ഒരാൽമരമായി
ശാന്തിരഹസ്യത്തിന്റെ താക്കോൽ
നിനക്കായ് കരുതി വെക്കാം....
ഒരു ഗാഢനിദ്രക്കൊടുവിൽ
നിനക്കെന്റെ വേരുകളിലൂടെ പാതാളദർശ്ശകനാകാം...
എന്നെ പൂവായ്ക്കണ്ട്
ചൂടാതിരിക്കുക...
പരിമളമുള്ള ഒന്നും
നിങ്ങൾക്കവിടെ കണ്ടെത്താനായി
എന്ന് വരില്ല..
നനച്ച് നനച്ച് ഒരു വസന്തത്തിനായി
ഋതുക്കൾക്ക് വിരുന്നൊരുക്കി
പതിയെപ്പതിയെ ഒരു
വസന്തത്തെത്തന്നെ
ഞാനാക്കി മാറ്റുക......
അതിലൊരു ചിത്രശലഭമായ്
വന്നിരിക്കുക..
എന്നെ നീ സ്വർണ്ണച്ചിറകുള്ള
മാലാഖയാക്കാതിരിക്കുക...
കാട്ടുതീയിൽപ്പെട്ട്
ചിറകുകൾ രണ്ടും
കരിഞ്ഞുപോയ എനിക്കുറങ്ങാൻ
ഒരു ഗുഹയായ് മാറുക...
നിന്റെ കൊഴിഞ്ഞ്
തീർന്ന സ്വപ്നങ്ങളുടെ
വെളുത്ത തൂവലുകളാൽ
നീ എന്നിൽ ചിറകുകൾ തുന്നിത്തരിക...
എന്റെ നെറ്റിയിലപ്പോൾ
വിരിഞ്ഞുവന്ന സൂര്യപ്രഭയാൽ
നമുക്കീ ലോകം വെളിച്ചപ്പെടുത്താം...
നമുക്കിവിടം സ്വർഗ്ഗമാക്കാം...







Rajeesh Vengilatt

# Blue Horizon

The new style of the western sky
A face that smiled in the new style
Blue ashes spread on the horizon
The edge of the sky was marked.
New rain that falls in dreams
Tears that mingle with the rain
A new sense of dignity in the aftermath
Eyes overflowing with tears of joy.
In the darkness, words are placed
Grief in the words, like coconut leaves
Nostalgia intermingled with memories
Colors of dreams in the night
Silence breaks at the shore
The pain in the quiet, piercing
Evidence illuminated by moonless nights
Experiences in the light of truth.
A laughter in the ironic tongue,
A face lowered in the laughter,
The fading blue horizon
And the new moon that emerged.
A new light in the bright blue sky
Eyes shining in the new light
New waves in the calm sea
Hair floating in the waves
Purplish snowflakes in the blue sky
Words written in the snowflakes.
New light in the eyes
Snails crawling to blossom
Every moment is a blessing
The shore that cannot be reached
Fragments of words scattered on the shore
A walk that cannot be grasped
The swaying of the dreams in the horizon
One grinning blue horizon…



Serving the Indian Community
RAMAYAH AUTO RENTALS & REPAIRS
For 25 years since 1992
MONTHLY & LONG-TERM RENTALS
• We provide Monthly and Long-term car rentals
• Reliable Cars at Affordable prices. Fully Inspected and well maintained fleet
• All our cars include Collision Damage Waiver (CDW) and Maintenance
• 24/7 Emergency Roadside Assistance
• Friendly and accommodating staff
REPAIRS & SERVICES
• Honest, Reliable and Dependable repair services provided by Master Mechanics
• Experienced Master Mechanics with a combined experience of more than 50 years
• Complete Car Repair Services for All Domestic and Import Cars
• FREE Pre-purchase vehicle Inspections
• Air-conditioning, Climate Control and Battery Repairs and Replacements
• Exhaust and Muffler Inspection and Service
• Timing-belt and Hose Replacements
• Tire rotation and Computerized Wheel Balancing
• FREE towing provided for any major repair job
43000 W 9 Mile Rd., Unit # 308 NOVI, MI 48375
Phone: +1 248-230-8503 / +1 248-802-8023
Fax: +1 248-679-8940 | Email: ramayahauto@gmail.com | Web: www.ramayahauto.com




HOME BUILDING SOLUTIONS
Professional Solutions For Your Home
South East Michigan's #1Remodeling Company
Providing Quality Design and Craftsmanship Experience Since 1990.
Kitchen Remodeling • Bathroom Remodeling
Exterior Remodeling • Commercial Remodeling
Monday - Friday: 9AM - 5PM
Saturday: 10AM - 3PM
Sundays & Evenings: By Appointment
Call Us Today to Schedule Your FREE Consultation!
248-471-3800
43039 Grand River Avenue
Novi, MI 48375
tfarr@hbsllc.net
hbsllc.net

# Summer Activities and Safety Protocols



**M P Ravindra Nathan**
MD, FACC, FACP, FRCP
Brooksville, FL

The long-awaited summer is finally here. With the days warmer and longer and the sun brighter, many of us like to get out and enjoy the weather. But we also need to keep in mind that summer time puts us at risk for certain types of injuries and accidents. Therefore, while enjoying the summer, we have to follow a few safety protocols. Here are some of the common medical issues one should be aware of during the summer months:

Swimming accidents: A few years ago, after an event in Miami, a Malayali father and his teen son went to the beach. The sundrenched beach and warm waters were inviting. Soon the boy excitedly ran into the water and found himself being carried away by the powerful undercurrents. The father had to jump in to try to save the kid, but was unfortunately overcome by the rip tide. Similar accidents are not uncommon and beaches as well as lakes are very inviting especially for children in summertime.

The same issue occurs with backyard swimming pools at home when kids play unsupervised. So, make sure children wear floats when they go in the water and a designated adult is on constant watch. Keep all doors with access to the pool locked with a top latch.

2. Sun exposure and Skin: Ultraviolet rays can cause sunburn and premature aging of the skin. It can lead to more serious consequences like skin cancer, the commonest form of cancer. Protect the skin from sunburns, wrinkles and cancer by applying proper sunscreen at least 15 minutes before you go outside. Any sunscreen that contains SPF 30 or more should be good.

Heat stroke: This is particularly common if you're working outdoors in the hot sun for any reason including recreational activities like yard work, vigorous tennis, etc. Older people living in apartments without proper air conditioning are very susceptible too. So, stay well hydrated all the time; water is a good drink, but Gatorade and similar electrolyte solutions may be even better, if you have sweated a lot.

Children are especially prone to overheating. You may have heard horror stories of leaving a sleeping kid in the backseat in a parked car at the mall and the parent going to shop, only to find the little one unconscious, fighting for his or her life from heat stroke on return! Keep in mind that temperatures inside a closed car left outside during peak summer months can go up by 30 degrees F!

Food poisoning: During summer travels, we tend to stop by roadside restaurants and catch a quick meal. Do you know food poisoning from acute gastroenteritis is a common problem in the U.S. and several people die every year? So, when traveling, be careful to eat only well-prepared foods and avoid drinking unsafe water. I tend to avoid salads and cold dishes served in these restaurants and carry my own bottle of water or drink hot coffee or tea.

Social interactions and the Pandemic: Summer is also the time for social interactions and both the young and old can benefit from this. Since we are still in the middle of a pandemic, we have to be careful about participating in crowded indoor activities, but if you follow the recommendations, you can create a healthy environment for everybody. Fortunately, anti-Covid 19



vaccinations have now been approved for children over 12 and CDC has relaxed the rules on outdoor masking and group activities.

Bug bites and allergic reactions: Bees, bugs, mosquitoes and ants are everywhere in the summer months. Whether you're enjoying an outdoor barbecue or walk along the country roads, you can get bitten by these pesky little creatures. Often, they amount to nothing serious, but sometimes severe allergic reactions and even an anaphylactic shock can result which might need a quick trip to emergency room. So, carry some antiallergics like Benadryl with you and for those with a history of severe allergies, even an EpiPen autoinjector.

These are just some of the tips that can protect you and your family from unexpected emergencies while enjoying the summer months. Always be prepared and use your common sense.

About the author: Dr: M. P. Ravindra Nathan Is a cardiologist and the author of two books, 'Stories from My Heart' and 'Second Chance,' both translated into Malayalam. He is a columnist for 'Khaas Baat' Health Section. Dr. Ravindra Nathan's articles have appeared in Tampa Bay Times, Medical Economics, Cortlandt Forum, Journal of Florida Medical Association and India Abroad.

*"Where Our Clients Always Come First"*

Clients First REALTORS COUNTRY PLACE



**JOSE PHILIP**
**REALTOR®**

43050 Ford Rd, Ste 130
Canton, MI 48187
Phone: (734) 981-2900
Cell: (248) 767-9952
Fax: (734) 981-6370
http://clientsfirstrealtors.com
email: josejphilip@gmail.com

EQUAL HOUSING OPPORTUNITY
REALTOR® MULTIPLE LISTING SERVICE MLS

FACTORY AUTHORIZED DEALER Carrier Turn to the experts

**NATIONAL HEATING & COOLING** SM
Your Comort Specialist for over 65 Years

23660 Grand River Ave.
Detroit, MI 48219
(313) 538-7100

NORTH AMERICAN TECHNICIAN EXCELLENCE NATE




**Special Offer for Detroit Malayalee Association Members!**

- Carrier 97% AFUE furnace and 14.5 SEER2 A/C system* starting under $7,800!
- System qualifies for a $500 utility rebate and federal tax credits
- More discounts available based on a home visit!
*System includes a media filter, condenser cover and more!

**(313) 538-7100**

**National Heating & Cooling has served Metro Detroit for over 65 Years**
**Please give us a call for your Heating and Cooling needs**

www.NationalHeating.com www.NationalHeatingSales.com




Arya Pillai

# Accepting Imperfections

I believe everybody has a special talent to share with the world. If everybody does that the world will become a better place! I wrote a poem, because I realized that too many people think about their imperfections in a bad way. If we accept our own and other people's imperfections we can hope to have a better world where people will be able to share their talents with the world! My poem below won an award for music composition at the 2025 Rochester School District organized by National PTA Reflections Arts Program.

As I walk out the door, animals surround me
They are the only souls I can trust the most
As I get older it gets clearer to me
That I want to be no one else but myself
Something I've learned in my years
Is that you should always believe in yourself
Everybody has a special talent to share
Just believe in yourself
Oh Anything is possible with courage
It's best to tell the truth
    We can be amazing people if you stick by me
    We can touch the clouds together if you follow me
    Don't hide inside yourself
    People can see through you
    Instead shine like the brightest star
    Just trust me
    I'm telling the truth
    Just always be yourself x2
    Oh Anything is possible with courage
    It's best to tell the truth
    We can be amazing people if you stick by me
    We can touch the clouds together if you follow me
0hhhhhhhhhhhhhhh
Mmhhhhhhhhhhhhhh
Ohhhhhhhhhhh
Ahhhhhhhhhhhhh
    If you stick by me
    Oh Anything is possible with courage
    It's best to tell the truth
    We can be amazing people if you stick by me
    Oh We can touch the clouds together if you follow me
    Ohhhhh Oh Just believe me.








# DMA Valentine's Day Celebration
# "The Wedding Bells"



The DMA Women's Forum hosted a vibrant and memorable Valentine's Day celebration titled "The Wedding Bells" on February 15th. The event embraced the elegance of Indian weddings, inviting all attendees to dress in traditional wedding attire such as sarees, kurtas, and suits. The evening began with an introduction by the Women's Forum President Anima Ajith and Secretary Sumini Jordan, followed by a warm welcome from the DMA President Biju Joseph. New members were introduced to all in a heartfelt segment that set the tone for the evening. Everyone enjoyed a series of engaging activities throughout the night, including a lively Fashion Fusion segment for couples, the energetic Wedding Dhamaka performance by the youth, and entertaining Couple Games that brought smiles and laughter to the crowd. Attendees took part in an energetic skit, Fun Run, that added a touch of humor and fun to the event. Our professional photographer Prashant was available from 6 to 10 PM for guests to capture










their memories in themed attire. The main program started promptly at 7 PM, and the evening concluded with a delicious dinner buffet that opened at 8:30 PM.

The event was a resounding success, bringing our families together for a joyful night of love, culture, and bonding.

**DMA Womens Forum**




















# അകലെയാണെങ്കിലും

മുഹമ്മദ് റാഫി കുറുപ്പത്തയിൽ

'ഇന്നും നൈറ്റ് ഡ്യൂട്ടിയാണോ...???...!!! ചോദിച്ചത് കേട്ടില്ലേ...ഇന്നും നൈറ്റ് ഡ്യൂട്ടിയാണോന്ന്...!!!'

'അതേടി ... ഒരു കണക്കിന് നൈറ്റ് ഡ്യൂട്ടിയാ സുഖം ഉറക്കം നടക്കില്ലെന്നേയുള്ളു പണികുറവായിരിക്കും റിസ്ക്കും.'

അരുൺ മുഖത്തും കയ്യിലും പറ്റിയ വെള്ളം ഒന്നുകൂടെ ടിഷ്യു പേപ്പർ കൊണ്ട് തുടച്ച് ഉച്ചത്തിലൊരു ഏമ്പക്കവും വിട്ട് സഹധർമ്മിണി മീരയോട് പറഞ്ഞു.

'നിങ്ങൾക്കത് പറയാം, അല്ലെങ്കിൽത്തന്നെ നമുക്കൊക്കെ എന്ത് വില ..! അരുണേട്ടനറിയുമോ നമ്മൾ തമ്മിൽ ഒന്ന് നന്നായി കണ്ടിട്ട്, ഒന്ന് മിണ്ടിയിട്ട് എത്രകാലായീന്ന്...! രാത്രി നല്ല സുഖാത്രെ, ജോലി കുറവാത്രേ. .....ആദിമോൻ ഇന്നലെ രാത്രിയും നല്ല കരച്ചിലായിരുന്നു. ഞാനുറങ്ങിയിട്ടില്ല... നിങ്ങൾ നൈറ്റ് കഴിഞ്ഞ് വന്നു കിടന്നു ഇപ്പോഴിതാ എണീറ്റ് തത്വം പറയണ്...'

'എന്തായാലെന്താ ഞാൻ പോണ് വണ്ടി താഴെവന്ന് ഹോണടിക്കാൻ തുടങ്ങിയിട്ട് ഒന്ന് രണ്ട് മിനിറ്റായി.... ആ..ഹ് പിന്നേ മോന്റെ ഡയപ്പെർ രണ്ട് മണിക്കൂറ് കഴിഞ്ഞാൽ മാറ്റണം, പുതിയ പാല് ഫ്രിഡ്ജിൽ തീയ്യതി എഴുതി പുറകിലാണ്, നോക്കിവേണം കൊടുക്കാൻ.'

തിടുക്കത്തിൽ വാതിലടക്കുന്നതിന്ന് മുൻപ് മീര ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. 5 വാതിലുകളടഞ്ഞു, കൈകൾ മേലോട്ടുയർത്തി ഞൊട്ടയിട്ട് അരുൺ പതുക്കെ സോഫയിലേക്ക് ചാഞ്ഞു.

ഒരുകണക്കിന് അവളുടെ കാര്യം കഷ്ടമാണ് വൈകീട്ട് നല്ല തിരക്കായിരിക്കും പിന്നെ പി.പി.ഇ കിറ്റിട്ട് വരുന്നവരുടെ വർണ്ണവും ദേശവും ലിംഗവും നോക്കാതെ അഞ്ചാറ് മണിക്കൂറ് സ്വാബിങ് ചെയ്യണം, അതോ മൂക്കിലും അണ്ണാക്കിലും. സ്രവം ശെരിക്ക് കിട്ടിയില്ലെങ്കിൽ ചിലപ്പോൾ റിസൾട്ട് ഇൻകൺക്ലൂസിവാവും പിന്നെ ഹെഡ്നേഴ്സിന്റെ വായിലുള്ളത് കേൾക്കണം, ആ ജോർദാനി ഹെഡ് നേഴ്സ് കുറച്ചു കർക്കശക്കാരിയാണ്, ആശുപത്രി ഡയറക്ടറുമായി നല്ല അടുപ്പമുള്ളതിന്റെ ഗമയും അധികാരവും നിറഞ്ഞ ഗർവ്വാണവർക്ക്.

രണ്ടുപേരും ജോലിചെയ്യുന്നത് വല്ലാത്തൊരവസ്ഥയാണ്, കുട്ടികളെപ്പോലെ വലിയവരും കഷ്ടത്തിലാവും; പറയാണോർക്ക് പലതും പറയാം, രണ്ടാൾക്കും ജോലിയില്ലേ..! ഗൾഫിലല്ലേ..! ആശുപത്രീലല്ലേ...! എന്നൊക്കെ

അരുൺ സോഫയിൽ തിരിഞ്ഞും മറിഞ്ഞും കിടന്ന് ഓരോന്നാലോചിച്ചുകൊണ്ടിരുന്നു. ഇതിപ്പോ കൊറോണയും ലോക്ഡൗണും കാരണം കൈയും കാലും മാത്രമല്ല മനസ്സും ദൃഷ്ടിയും ചിന്തയുമെല്ലാം തളയ്ക്കപ്പെട്ടിരിക്കയാണ്. ജോലിസ്ഥലത്തുമാത്രമല്ല വീട്ടിലും നിയന്ത്രണങ്ങൾ, എന്തിന് നാലുമാസം പ്രായമുള്ള കുഞ്ഞിനെ ചുംബിക്കാൻ വരെ പ്രോട്ടോകോൾ നോക്കണം..

ഫ്രിഡ്ജ് തുറന്ന് ശബ്ദമുണ്ടാക്കാതെ ഒരു കുപ്പി വെള്ളവുമെടുത്ത് പതുക്കെ വീണ്ടും സോഫ ലക്ഷ്യം വെച്ച് നീങ്ങി.

'ശ്ശൊ.....!!! ഈ റിമോട്ടിതെവിടെയാ... ഒരിക്കലും വച്ചി

# URON TAX & FINANCIAL SERVICES, LLC



# TAX SERVICES & FINANCIAL SERVICES

## Tax Services

**A One-stop station for Tax preparation, representation and solution to all Tax problems**

- Representation before IRS for all Tax problems, Audits, and Appeals
- Individual and Business/Corporate Tax Returns
- All State Returns
- Book-Keeping and Payroll
- Electronic Filing

## Financial Services

**Full Financial planning for everyone**

- Tax-Free Retirement
- Retirement Planning
  401K, 403B, IRA Rollovers
- College Planning other than Section 529
- Asset Protection Strategies
- Wills and Trust

## OUR SERVICES

- ✔ Fast & friendly service
- ✔ Convenience
- ✔ Saves you money
- ✔ 100% Guaranteed
- ✔ 100% Satisfied Customers




**GEORGE T VANNILAM**
MS, MBA, EA (Enrolled Agent)
Fellow, National Tax Practice Institute

Phone: (248) 624-2511
Cell: (248) 921-9941
Fax: (248) 896-2069

www.urontax.com, www.naea.org, www.misea.org

ടത്തു കാണില്ല... ലോകത്ത് പെട്രോളില്ലാതെ ഇത്രയധികം സഞ്ചരിക്കുന്ന ഒരു സാധനം വേറെ കാണില്ല...!'

സോഫാക്കടിയിൽനിന്നും കണ്ടെടുത്ത റിമോട്ടിന്റെ ഓൺ ബട്ടണമർത്തിയതും ഉച്ചത്തിൽ പ്രധാന വാർത്തകൾ.... ഇന്ന് കേരളത്തിൽ. ആയിരത്തിഇരുന്നൂറ് പുതിയ കൊവിഡ് കേസുകൾ.. സുഖനിദ്രയിലായിരുന്ന ആദിമോൻ പാതിവഴിയിൽ എണീറ്റ് അതിനേക്കാൾ ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി.

സഞ്ചരിക്കുന്ന റിമോട്ട് അലക്ഷ്യമായി വലിച്ചെറിഞ്ഞു ആദിമോന്റെ അരികിലേക്ക് നീങ്ങി. കണ്ണുകൾ തുറിച്ച് ഉന്മേഷവാനായി എന്നെ നോക്കി ചിരിക്കുന്ന അവന്റെ മുഖം കണ്ടപ്പോൾ എന്നിലുയർന്ന രക്താദി സമ്മർദ്ദത്തിന്റെ കാറ്റഴിഞ്ഞുപോയി.

ട്ർർ..... ട്ർർ.... ട്ർർ.... ട്ർർ.....

'ഓ......ഹ് അവൾ നേരത്തെ എത്തിയോ ...' ടേബിളിൽ കിടന്ന ഫോൺ ഏന്തിയെടുത്ത് നോക്കി, അവൾതന്നെ.

'അരുണേട്ടാ ...മോനുണർന്നാൽ പാലുകൊടുക്കണം, പിന്നെ ഡയപ്പെറിന്റെ കാര്യം മറക്കേണ്ട...

ഹോ ഇക്കൂട്ടരിങ്ങനെയാ നമ്മൾ ചെയ്യുമെന്നുറപ്പുള്ള കാര്യം വരെ ഇങ്ങനെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും.

ട്ർർ..... ട്ർർ.... ട്ർർ.... ട്ർർ.....

'അരുണേട്ടാ ഞാനിപ്പോ പി.പി.ഇ. കിറ്റിടും. സ്വാബിങ് തുടങ്ങിയാ പിന്നെ വിളിക്കാൻ പറ്റില്ല..കിച്ചനിലുള്ള കറിയെടുത്തു കഴിഞ്ഞാൽ തിളപ്പിച്ചുവെക്കണം, ഗ്യാസ് ഓഫാക്കണം, ജനാല......' അങ്ങിനെ ഒരിക്കലും അവസാനിക്കാത്ത ലിസ്റ്റ് തുടർന്ന് കൊണ്ടേയിരുന്നു.

'ഓ ഇവളെക്കൊണ്ട് തോറ്റു...'

എന്തായാലും മോന് പാല് കൊടുത്തേക്കാം, ഫ്രിഡ്ജ് ലക്ഷ്യമാക്കി പതുക്കെ നടക്കാനാരംഭിച്ചപ്പോഴാണ് കട്ടിലിൽ കിടന്ന ഫോൺ വീണ്ടും അടിക്കാൻ തുടങ്ങിയത്.

ട്ർർ..... ട്ർർ.... ട്ർർ.... ട്ർർ.....

'എടീ നിനക്കിതെന്തു പറ്റി...' അങ്ങേതലക്കൽ മറുപടിയൊന്നുമില്ല, 'നീയെന്താ മിണ്ടാത്തെ..' വീണ്ടും മിണ്ടാട്ടമില്ല.

ഫോൺ ചെവിയിൽ നിന്നെടുത്ത് സ്ക്രീനിലേക്ക് നോക്കിയ എനിക്ക് 'അച്ഛൻ' എന്നാണ് കാണാൻ കഴിഞ്ഞത്.

'അച്ഛാ....എന്താച്ഛാ....'

'മോനെ...'

മറുപടി പറഞ്ഞത് അമ്മയായിരുന്നു.

നീണ്ട തേങ്ങലിനും വിതുമ്പലിനും പിറകെ അമ്മ തുടർന്നു 'മോനെ അച്ഛൻ ഇന്ന് ഉച്ചയൂണുകഴിഞ്ഞ് മുറ്റത്തേക്കിറങ്ങിയതാ പെട്ടന്ന് തലകറങ്ങി വീണ് തലപൊട്ടി. കരച്ചിലിനിടെ അമ്മ തുടർന്നു. 'പെട്ടെന്ന് ഒന്നെ ആശുപത്രീ കൊണ്ടോയി എട്ട് തുന്നുണ്ട്, സ്കാനിങ്ങിൽ കുഴപ്പമൊന്നൂല്ലന്നാ പറഞ്ഞെ, അയലത്തെ മോമുട്ടിക്കയും റാസാക്കും തക്കസമയത് വന്നത് കൊണ്ട് സമയത്തിന് ആശുപത്രി കൊണ്ടോവനായി.'

അമ്മയുടെ ശബ്ദം മുറിഞ്ഞു. 'എന്നീട്ട് അച്ഛനെവിടെ അമ്മേ...'

'ഞാൻ കൊടുക്കാടാ'

'അച്ഛാ..... എന്താണ്ടായതച്ഛാ മോനെ ഒന്നോർമ്മല്ലേടാ....തലക്കിപ്പോ നല്ലകനം തോന്നണണ്ട്.'

'ഇതൊക്കെപ്പോ മാറൊച്ഛാ.... തല്ക്കാലം കടയിലൊന്നും പോണ്ട...'


അങ്ങാടിലെ ബുക്ക്ഷോപ്പ് അച്ഛന്റെ ജീവനാണ്, ഒരായുസ്സിന്റെ ബന്ധം, ചിലപ്പോൾ അവിടെപ്പോയാൽ രണ്ടുദിവസം കഴിഞ്ഞാലെ വരാറുള്ളൂ, കടയിലെ ജെയിംസേട്ടനും രുദ്രനും അച്ഛന്റെ മൂന്നാമത്തെയും നാലാമത്തെയും മക്കളെപ്പോലെയാണ്. അവരോടുകൂടെ കടയുടെ പുറകിലെ കുടുസ്സുമുറിയിൽ ഗോതമ്പു കഞ്ഞിയും കുടിച്ച് വെടിപറഞ്ഞു ഇടക്കിടെ കൂടാതിരുന്നാൽ അച്ഛന് പരിഭ്രമം വരും.

പുസ്തകങ്ങൾ മരിക്കുമെന്നും ഈ പുതിയ കാലത്ത് വായന ഡിജിറ്റലാവുമെന്നും നമുക്കി കടപൂട്ടി അച്ഛന് ശിഷ്ടം വീട്ടിൽ സസുഖം കഴിയാമെന്നേറെ ഞാൻ പറഞ്ഞിട്ടും. 'നീ എന്നെ വയസ്സനാക്കി വീട്ടിലിരുത്താനാണോ ഭാവം' എന്ന് വെളുക്കെ ചിരിച്ചൊരു മറുപടി തരും.

'അമ്മേ എന്നിട്ടു ചാരുവും അളിയനും വന്നില്ലേ ..!' 'എടാ അവർക്കിപ്പോ വരാൻ കഴിയില്ലാത്രേ ആലത്തൂരൊക്കെ കണ്ടയ്മെന്റ് സോണാത്രേ ജില്ലാ മാറിവരലൊക്കെ ഭയങ്കര പണിയാത്രേ.'

അമ്മ പതുക്കെ സംസാരിച്ചു തുടങ്ങി.

'ആദിമോനെവിടെയാടാ..... മീര വീട്ടിലുണ്ടോ.... 'ന്നാ അമ്മേ ഞാൻ കുറച്ച കഴിഞ്ഞ് വിളിക്കാം. മോന് പാല് കൊടുക്ക



ട്ടെ.'

ഒരു കയ്യിൽ അമ്മയുടെ ഫോൺ ശബ്ദം നിലച്ചപ്പോൾ മറുകയ്യിൽ സംഭരിച്ച അമ്മിഞ്ഞപ്പാൽ സിലിക്കൺ നിപ്പിളിന്റെ സുഷിരത്തിലൂടെ ആദിമോന്റെ ഞരമ്പുകൾ തേടിയൊഴുകി.

വയസ്സെഴുപതു കഴിഞ്ഞു, ക്രോണിക് ഡയബെറ്റിക്കുമാണച്ഛൻ, കഴിഞ്ഞതവണ സ്കൂട്ടിയിൽ നിന്ന് വീണു ഉപ്പൂറ്റി മുറിഞ്ഞപ്പോൾ ശരവേഗത്തിൽ ഞാൻ നാട്ടിലെത്തിയതാണ്. ഇതിപ്പോ ഒന്നിനും കഴിയണില്ലല്ലോ എന്റെ ഭഗവാനെ ....!!

ഫോണെടുത്തു മീരയെ പലതവണ വിളിച്ചു നോക്കി, പി.പി.ഇ. കിറ്റിൽ കയറിയാൽ പിന്നെ ഞങ്ങൾക്ക് സ്വവികാരങ്ങളില്ല....വിചാരങ്ങളില്ല...!നിലയ്ക്കാത്ത കർമ്മങ്ങൾ മാത്രം മാലാഖാമാരുടെ ദിവ്യ കർമ്മങ്ങൾ

ചാരുവേ ഒന്ന് വിളിച്ചു നോക്കെട്ടെ

ഏട്ടാ... ഞാൻ വിളിക്കാനിരിക്കയായിരുന്നു നീയറിഞ്ഞില്ലേ....' അച്ഛന്റെ പുന്നാരമോളുടെ കണ്ഠം ഇടറുന്നുണ്ടായിരുന്നു.

'സതിയേട്ടൻ കുറെ ശ്രമിച്ചതാ, വീട്ടിന്ന് പുറത്തിറങ്ങരുതെന്നാ നിർദ്ദേശം ഞങ്ങടെ തൊട്ടടുത്ത വീട്ടിലൊരാൾ ഖത്തറിന്ന് വന്ന് ഖൊറണ്ടൈനിലിരിക്കണ്ണ്ട് ഇവിടെ എല്ലാവരും പേടിച്ചിരിക്കയാ.. പോരാത്തേന് ആലത്തൂര് പതിനെട്ടു കേസായിത്രെ. ഒറ്റശ്വാസത്തിൽ ചാരു നാട്ടിലെ ദയനീയാവസ്ഥ വിശദീകരിച്ചു.'

'ന്തായാലും നാളെ രാവിലെ സതിയേട്ടൻ പോലീസ്സ്റ്റേഷനിൽ പോണ്ണ്ട് ... ഒരു സമാധാനോല്ല്യ.

സാധാരണ ഖത്തർ സമയം വൈകിട്ട് ഏഴിനാണ് ഞാൻ അച്ഛനെ അത്താഴമെല്ലാം കഴിഞ്ഞു പതുക്കെ ഉറങ്ങാനുള്ള പുറപ്പാടിലാവും ആദിമോൻ വീണ്ടുമുറക്കമായി,

ഞാൻ ഫോണെടുത്തു അച്ഛനെ വിളിച്ചു ഇത്തവണ അച്ഛന്റെ ഫോണെടുത്തത് അമ്മയായിരുന്നു.

"അമ്മേ."

"കൊഴപ്പോന്നുല്ലേടാ അച്ഛനിപ്പോ ഒറങ്ങേണ് ചെലപ്പോ മരുന്നിന്റെയാവും." അമ്മ നിർത്തി.

ഫോൺ ഓഫാക്കി ജനാലക്കരികിൽ നിന്ന് ഇരുട്ടിനെ കീറിമുറിച്ച് എയർപോർട്ട് റോഡിലൂടെ മിന്നിമായുന്ന വണ്ടികളെ ശാന്തമായി നോക്കി നില്ക്കുമ്പോൾ, പണ്ട് നഴ്സിംഗ് അഡ്മിഷനുവേണ്ടി കോയമ്പത്തൂര് പോയപ്പോൾ താമസിച്ച ക്രോസ്സ്കട്ട് റോഡിലെ പളനി ലോഡ്ജിൽ അച്ഛന്റെ ചാരത്തിരുന്ന് താഴോട്ട് കൗതുകത്തോടെ നോക്കിയതാണോർമ്മ വന്നത്. കടലാസ്സിൽ പൊതിഞ്ഞ സ്വരുക്കൂട്ടി വെച്ച അഞ്ഞൂറിന്റെയും നൂറിന്റെയും മുഷിഞ്ഞ വിയർപ്പേറ്റ നോട്ടുകൾ തലയണക്കടിയിൽ ഭദ്രമല്ലേ

PINK GARLIC
INDIAN CUISINE
PINK GARLIC
Authentic Indian Cuisine in the Heart of Michigan
BOLD FLAVORS | FRESH INGREDIENTS | WARM HOSPITALITY
SPECIALTIES INCLUDE:
Butter Chicken • Chicken Biryani
Paneer Tikka • Garlic Naan
Vegan & Gluten-Free Options Available
LOCATIONS:
Shelby Twp Allen Park Oak Park
LOCATIONS
CALL FOR RESERVATIONS OR TAKEOUT:
+1 (586) 600-1587
ORDER ONLINE:
www.pinkgarlicmi.com


Dr. Siraj R. Baig, DDS.
FREE CONSULTATION!!
For Appointment Call
248-471-5534
Evening and Weekend Hours Available
Most Insurance Accepted
Serving the community for over 39 Years providing a comfortable and friendly atmosphere for the entire family
5-star rating on Google!
Services Offered:
• Cleanings
• Fillings
• Root canals
• Crowns and Bridges
• Dentures
• Braces
• Extractions
• Implants
• Onlays
• Same-Day Crowns
• Invisalign
• Fixed Dentures
WRITE A REVIEW ON GOOGLE TO WIN A FREE
ELECTRIC TOOTHBRUSH
(Worth $150)
SIRAJ R. BAIG, DDS, PC & ASSOCIATES
23304 Orchard Lake Road, Farmington Hills, MI 48336
sirajbaigdds@yahoo.com
www.sirajbaigdds.com
www.facebook.com/DrSirajBaig
Ph: 248-471-5534

യെന്നു അച്ഛൻ ഇടക്കിടെ പരിശോധിക്കുന്നതും കാണാമായിരുന്നു.

ഇന്നീ നാലാം നിലയിലെ ശീതീകരിച്ച സ്വീകരണ മുറിയിലെ ചില്ലു ജാലകത്തിലൂടെ നോക്കുമ്പോൾ നിരത്തിലൂടെ ഒഴുകുന്ന ചെന്നിണത്തോടൊപ്പം എന്റെ കവിളിലൂടെയും ചൂടുകണ്ണുനീർ കണങ്ങൾ ഉതിർന്നു വീഴുന്നുണ്ടായിരുന്നു.

സ്വാബിങ് റൂമിൽനിന്നിറങ്ങിയ മീര മിസ്സ്ഡ് കോളുകൾ കണ്ടു ഞെട്ടി. 'അരുണേട്ടാ മോനെന്തെങ്കിലും....' അവൾ തിടുക്കത്തിൽ വിളിച്ചു ചോദിച്ചു. 'മോനൊന്നുല്ല, നാട്ടീന്ന്' അമ്മ വിളിച്ചിരുന്നു അച്ഛൻ തല കറങ്ങി വീണു തലയിൽ സ്റ്റിച്ചുണ്ട്, ചിലപ്പോ ഹൈപോളൈസെമിയ ആയിരിക്കും... എനിക്കൊരു സമാധാനം കിട്ടണില്ല് നിനക്ക് കുറച്ചു നേരത്തേ വരാൻ പറ്റ്വോ."

'അയ്യോ ഇപ്പൊ ഷിഫ്റ്റിൽ ആളുകുറവല്ലേ റിസ്ക് കുറക്കാൻ ലെസ്സ് സ്റ്റാഫ് മോർ വർക്ക് ഇതാണ് പോളിസി. ടെൻഷനടിക്കേണ്ടാ ഞാൻ പെട്ടെന്ന് വരാൻ നോക്കാം.'

മീര വരുമ്പോഴേക്ക് തയ്യാറാവണം ഇന്നും നൈറ്റ് ഡ്യൂട്ടിയാണ്.

'വിളിച്ചു പറഞ്ഞിട്ട് കാര്യമില്ല...! അവധികിട്ടില്ലാ..' തിടുക്കത്തിൽ ലിഫ്റ്റിനടുത്തേക്കു ഓടുന്നതിനിടെയിൽ ഉച്ചത്തിൽ മീരയുടെ ആവലാതിക്ക് മറുപടികൊടുത്തു. ഡ്യൂട്ടിക്കിടയിലുടനീളം പള്ളിക്കൂടവും, പാടവരമ്പും, അച്ഛന്റെ വിരൽത്തുമ്പും പുസ്കശാലയും, മനസ്സിൽ തികട്ടിവന്നുകൊണ്ടേയിരുന്നു.

പുലരുന്നതിന്ന് മുൻപേ അച്ഛനെ വിളിച്ചു. ഫോണടിക്കുന്നില്ല, രണ്ടു മൂന്നുതവണ വിളിച്ചിട്ടും അനക്കമില്ല. അമ്മയുടെ ഫോണിലാണ് പിന്നീട് കിട്ടിയത്. 'അമ്മേ അച്ഛനെങ്ങിനെയുണ്ട് "ക്ഷീണണ്ടെടാ രണ്ടുമൂന്നുതവണ ഛർദിച്ചു മരുന്ന് പിടിക്കാണ്ടാവും...! ഞാനച്ഛന് കൊടുക്കാം.. "മോ..നെ ... എടാ..." അച്ഛന് മുഴുവനാക്കാൻ കഴിഞ്ഞില്ല.

പിന്നെ പിന്നെ അമ്മയുടെ ഫോണിൽ വിളിച്ചാലും അച്ഛന് സംസാരിക്കാൻ കഴിയാത്തത്ര ക്ഷീണമായി ആന്റിബയോട്ടിക് മൂലമുള്ള ഛർദ്ദി ശരീരത്തിലെ ഉപ്പിന്റെ അളവ് ഗണ്യമായി കുറച്ചു. അച്ഛൻ ആശുപത്രിയിലായി.

ഇവിടെ ഞങ്ങൾ പി.പി.ഇ. കിറ്റിനുള്ളിലെ വർധിച്ച ഊഷ്മാവിലും വരിഞ്ഞുമുറുകിയ ഇലാസ്റ്റിക് വള്ളികൾക്കുമിടയിൽ ആരുടെയൊക്കെയോ ജീവന് വേണ്ടി ഉറക്കമിളയ്ക്കുന്നു..

അങ്ങകലെ നാട്ടിൽ തന്റെ മകനെ ഒരുനോക്കു കാണാൻ കൊതിച്ച് ആ അച്ഛൻ തളർന്ന് കൊണ്ടിരിക്കുന്നു അതിനു ഡോക്ടർമാർ ഹൈപോനാട്രീമിയ എന്ന് പേരിട്ടു.

ബോയിങ് വിമാനങ്ങളും, സെവെൻസ്റ്റാർ ലോഞ്ചുകളും കൊറോണ വൈറസിന്റെ വ്യാപനഭയത്താൽ നിശ്ചലമായി, ശൂന്യമായി.


കോറെന്റൈനെന്ന ചിലന്തിവലയിൽ കുടുങ്ങി നാട്ടിലേക്കുള്ള യാത്ര എപ്പോൾ, എന്ന് എന്നറിയാതെ ദിവസവും ഗ്ലൗസും ഗൗണും മാസ്ക്കും അണിഞ്ഞും ഊരിയുമുള്ള കാത്തിരിപ്പിനിടയിൽ അനന്തമായി നീണ്ടുകൊണ്ടിരിക്കുന്നു.....

ന്നാലും അകലെയാണെങ്കിലും എന്റച്ചൻ ദാ... ഇങ്ങടുത്തുള്ളതുപോലെ....













# FLAN Recipe

Priya Krishnan

This Mexican flan is deliciously rich and creamy with a golden syrupy topping of caramelized sugar for an impressive and decadent dessert. This basic recipe lends itself to so many fun variations.

**Prep Time**
10 mins

**Cook Time**
1 hr

**Chill Time**
4 hrs

**Servings**
10 people

**Calories**
400 (approx.)

**Equipment:**

- Small saucepan
- Wooden Spatula
- 9-inch heavy-duty aluminum cake pan 8 or 10-inch pans will also work
- Large glass baking dish
- Knife
- Plate for serving

**Ingredients:**

- 1 cup sugar
- 2-12- ounce cans evaporated milk
- 1 14- ounce can condensed milk
- 1 tablespoon vanilla
- 6 eggs

GARNISHES

- strawberries
- blueberries
- raspberries
- Kiwi

**Instructions:**

Preheat the oven to 350 degrees Fahrenheit.

Prepare caramel. To a medium saucepan, add the sugar and ¼ cup of water. Cook over medium heat, stirring frequently, for about 2 minutes, or until the sugar is dissolved.

**PRO TIPS:**

Once you start your caramel, do not walk away from the stove until it is ready. It can burn in seconds! You will notice that the sugar will start to transform into an amber color sauce. If it burns, you'll have to start the process all over again. If your sugar is cooking too quickly, reduce the stove to low heat and gradually increase to create the caramel.

Once your caramel topping is a deep golden brown, smooth, and no longer has lumps of sugar, you can proceed to the next step.

Pour caramel into the flan pan. Immediately pour the caramel into an 8-inch round cake pan. Tilt and

turn the pan to spread the caramel out to the edges, then set the pan aside to cool and harden while you make the custard. (Be careful- the bottom of the pan will be very hot!)

Blend ingredients. Next, combine evaporated milk, condensed milk, and vanilla extract, in a blender and process until smooth, about 30 seconds. Add whole eggs to the blender and quickly process for another 10 seconds.

Pour mixture into the flan pan.

Prepare baño María. Next, prepare a baño María (water bath) by arranging flan pan into a larger baking dish. Very carefully pour enough hot water into the larger baking dish to come halfway up the sides of the ramekins. Be careful not to add too much water or splash any into the flan. You have the option to cover the flan pan with foil before arranging it into the larger baking dish.

Bake flan. Place flan in the water bath on a wire rack in the oven and bake for approximately 60 minutes (times will vary depending on oven and in a conventional oven can take up to 2 hours). Check if the center is set. If it's still very jiggly, it needs more time.

To test if the flan is ready, insert a toothpick or knife into the center of the flan. If it comes out clean or mostly clean, it's ready. If it comes out completely wet with the custard mixture, it needs more time. Turn off the oven and allow the flan to cool completely in the oven before refrigerating. Refrigerate until ready to serve.

Demold and invert flan. To de-mold the flan, carefully run a sharp knife around the edges without cutting into the flan. Place a large plate over the pan. Moving carefully and quickly, invert the flan onto a plate. Flan should come out easily with caramel sauce.

Garnish and serve. Garnish with a mix of berries including blueberries, raspberries, and strawberries.

*Note: You can add coffee and nuts and make a coffee flavored flan. Mix 2 teaspoons of instant coffee powder in hot water. Pour this mixture and desired nuts into the blender along with other ingredients (step 3).*





# Craft your very own **POTLI BAG** at home



Cimi Manoj

A simple craft that you can enjoy doing yourself or with someone. A handbag to pair with your Indian outfit showcasing your unique style.

What you will need

Fabric - Choose fabric of your choice (Maybe from an old saree or unused saree blouse material) and a plain fabric for lining

Needle and Thread - Ensure you have a sturdy needle and matching thread

Embellishments - Any kind of to make your bag special (Old Jewelry, beads etc)

Drawstring – Thin ribbon (or reuse drawstring form old outfits)

**Steps**

Cut your fabric and lining into rectangle and oval shapes as shown in Diagram A. Place the fabric and the lining fabric together with the good (right) sides facing inward, so that the wrong sides are facing outward. Sew long edges of the fabric and lining (as shown in dotted lines in Diagram A) leaving a small opening so that you can turn the piece inside out. Reach through the opening and carefully turn the fabric inside out. Use a pencil or a blunt tool to push out the corners and edges if necessary.

Cut a 2” x 23” from your lining fabric and sew it onto the rectangular fabric as a casing for your drawstring on the lining side 1” from the top as shown in Diagram B. Sew along the dotted lines.

Sew the rectangle and the oval shape together along the blue lines first and then the red lines as shown in Diagram C.

Run a drawstring through the casing of the bag and add a fabric strip handle as well

This craft is perfect for anyone who loves handmade items and wants to showcase their unique style. You can add this to your wardrobe or make it a gift for someone special. I hope you enjoy this craft.





Diagram A





Diagram B





Diagram C

Authentikka
Indian Cuisine
5114 Rochester Rd, Troy, MI - 48085

Authentikka
Indian Cuisine

# FOOD CATERING

**Live Catering Stations for Dosa,Chaats & Appetizers**



- Birthday Parties
- Graduation Parties
- Wedding Functions
- House Warming
- Traditional Events
- Anniversaries
- Corporate Events
- Festival Events

248-250-6510 5114 Rochester Rd, Troy, MI - 48085


THE PAINGOL GROUP
Realtors
You dream it,
we find it
Sunil Paingol
Realtor
sunil@thepaingolgroup.com
734-674-1927
43259 Crescent Blvd, Novi, Mi 48375
Ph : Office : 248-243-9108
www.thepaingolgroup.com